**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2918** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംഘങ്ങൾ സംബന്ധിച്ച ഡാറ്റാബേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര നിയമ പ്രകാരം രൂപീകൃതമാവുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് മേൽ സംസ്ഥാനത്തിന് നിയന്ത്രണമുണ്ടോ; | (എ) | കേന്ദ്ര നിയമമായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. സംസ്ഥാന സഹകരണ സംഘങ്ങൾക്ക് ബാധകമായ 1969 ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് ബാധകമാക്കുവാൻ സാധിക്കുകയില്ല. |
| (ബി) | സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മത്സ്യ സംഘങ്ങൾ, ഡയറി സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്രം തയ്യാറാക്കുന്ന ഡാറ്റാ ബേസിലേക്ക് നൽകണമെന്ന നിർദ്ദേശം കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ടോ; | (ബി) | കേന്ദ്ര സഹകരണ മന്ത്രാലയത്തിനു കീഴിൽ രാജ്യത്ത് എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവര ശേഖരണത്തിനായി National Co-operative Database വികസിപ്പിക്കുകയും, ഡാറ്റാ കളക്ഷനായി സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ/ വെബ് ഫോം തയ്യാറാക്കുകയും, കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെ 14.11.2022 തീയതിയിലെ D.O.R – 11016/44/2021-I&P (Pt) നമ്പർ കത്തിലെ നിർദ്ദേശപ്രകാരവും, 16.11.2022 തീയതിയിൽ ബഹു. കേന്ദ്ര സഹകരണ സെക്രട്ടറി സംസ്ഥാനങ്ങളിലെ/കേന്ദ്ര ഭരണ പ്രദേശങ്ങളിലെ സഹകരണസംഘം രജിസ്ട്രാർമാരുമായി ഓൺലൈനായി വിളിച്ചു ചേർത്ത യോഗത്തിലെ നിർദ്ദേശപ്രകാരവും, 02.12.2022 തീയതിയിലെ R – 11016/44/2021-I&P (Pt) നമ്പർ കത്തിലെ നിർദ്ദേശപ്രകാരവും നാഷണൽ കോ-ഓപ്പറേറ്റീവ് ഡാറ്റാ ബേസിലേക്ക് വെബ് ഫോമിലൂടെ സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ നൽകണമെന്ന് കേന്ദ്ര സഹകരണ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | Phase - I Data collection ലൂടെ എല്ലാ സംസ്ഥാനങ്ങളിലും/ കേന്ദ്ര ഭരണ പ്രദേശങ്ങളിലും രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ക്ഷീര സഹകരണസംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങളും, ഫങ്ഷണൽ സ്റ്റാറ്റസും, പ്രവർത്തനപരിധി ഉൾപ്പെടുന്ന പ്രദേശം സംബന്ധിച്ച വിശദാംശങ്ങളും നൽകുന്നതിനാണ് നിർദ്ദേശം നൽകിയിരുന്നത്. |
| (സി) | ഡാറ്റാ ബേസിലേക്ക് നൽകുന്ന വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി ആനുകൂല്യങ്ങളും സേവനങ്ങളും നൽകുമെന്ന് കേന്ദ്ര സർക്കാർ വാഗ്ദാനം നൽകിയിരുന്നോ; പ്രസ്തുത വാഗ്ദാനങ്ങൾ അനുസരിച്ച് ആനുകൂല്യങ്ങളോ സേവനങ്ങളോ ലഭ്യമായിട്ടുണ്ടോ; | (സി) | രാജ്യത്തെ സഹകരണ സംഘങ്ങളുടെ ഡാറ്റാ കളക്ഷനിലൂടെ ആധികാരികവും സമകാലികവുമായ വിവരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടും, രാജ്യത്തെ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നയരൂപീകരണത്തിനും അതിലൂടെ രാജ്യത്തെ സഹകരണ മേഖലയെ ശാക്തീകരിക്കുന്നതിനുമായാണ് ഇത്തരത്തിൽ വിവരശേഖരണം നടത്തുന്നതെന്നാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്. നാഷണൽ കോ-ഓപ്പറേറ്റീവ് ഡാറ്റാ ബേസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് പ്രത്യേക ആനുകൂല്യങ്ങളോ സേവനങ്ങളോ ഇതുവരെയായി ലഭ്യമായിട്ടില്ല. |
| (ഡി) | മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകാൻ സംസ്ഥാനങ്ങൾക്ക് നിയമം മൂലം സാധിക്കുമോ; | (ഡി) | കേന്ദ്ര നിയമമായ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ആയതിനാൽ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് സുരക്ഷ നൽകാൻ കേരള സഹകരണ നിയമങ്ങളും ചട്ടങ്ങളും പ്രകാരം സംസ്ഥാനത്തിന് സാധിക്കുകയില്ല. |
| (ഇ) | കേന്ദ്ര സർക്കാരിന് പ്രസ്തുത നിക്ഷേപങ്ങൾക്ക് ഉത്തരവാദിത്തമുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; | (ഇ) | മൾട്ടിസ്റ്റേറ്റ് സംഘങ്ങളുടെ മേൽ കേന്ദ്ര സഹകരണ സംഘം രജിസ്ട്രാറിനോ സംസ്ഥാന സഹകരണ സംഘം രജിസ്ട്രാറിനോ യാതൊരുതരത്തിലുള്ള ഭരണനിയന്ത്രണങ്ങളും ഇല്ലാത്തതാണ്. എന്നാൽ അംഗങ്ങൾ/നിക്ഷപകർ/ പൊതുജനങ്ങൾ തുടങ്ങിയവർ ഇത്തരം സംഘങ്ങളുമായി ബന്ധപ്പെടുമ്പോൾ സംഘങ്ങളുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് അവരവരുടെ സ്വന്തം റിസ്കിൽ ബന്ധപ്പെടേണ്ട സാഹചര്യമുള്ളതിനാൽ എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും അവരുടെ ശാഖകൾ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടേയും പ്രവേശനകവാടത്തിൽ "Multi state Co-operative Societies are functioning as autonomous cooperative |

| | | | |
|---|---|---|---|
| | | | organizations accountable to their members and not under the administrative control of the Central Registrar, Ministry of Agriculture and Farmer's welfare. Therefore, the depositors/ members/:are advised to take decision for investing deposits based on the performance of the society at their own risk. Central registrar, Ministry of Agriculture and Farmers welfare does not guarantee for these deposits " എന്ന ബോർഡ് സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർക്കാർ 07.08.2018 ലെ നം.ആർ.11017/31/2012 എൽ & എം സർക്കുലർ പ്രകാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ വിവരം കാണിച്ചുകൊണ്ട് എല്ലാ മൾട്ടിസ്റ്റേറ്റ് സംഘങ്ങളും ടി നോട്ടീസ് പതിക്കുന്നതിന് സഹകരണസംഘം രജിസ്ട്രാർ 53/2018 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (എഫ്) | സംസ്ഥാന നിയമ പ്രകാരം നിക്ഷേപകനും ഇടപാടുകാരനും വായ്പാക്കാർക്കും നിലവിൽ ലഭിക്കുന്ന സംരക്ഷണവും ആനുകൂല്യങ്ങളും കേന്ദ്രം രൂപീകരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽ നിന്നും സംസ്ഥാനത്തെ ഇടപാടുകാർക്ക് ലഭ്യമാവുമോ? | (എഫ്) | 1969 ലെ കേരള സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിലെ ഇടപാടുകാർക്ക് നിലവിൽ ലഭിക്കുന്ന സംരക്ഷണവും ആനുകൂല്യങ്ങളും 2002 ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ആക്ട് പ്രകാരം പ്രവർത്തിച്ചുവരുന്ന സഹകരണ സംഘങ്ങളിലെ ഇടപാടുകാർക്ക് ലഭ്യമാവുകയില്ല. |

സെക്ഷൻ ഓഫീസർ